# STD - IV

## അദ്ധ്യാപക സഹായി

**പാഠം - ഒന്ന് കൂദാശകൾ ഭാഗം - ഒന്ന്**

### ലക്ഷ്യം

യേശുവിനോട് ചേർന്നു നിൽക്കാനും നമുക്കു ജീവനുണ്ടാകാനും യേശു സ്ഥാപിച്ച ജീവന്റെ നീർച്ചാലുകളാണ് കൂദാശകൾ. അദൃശ്യനായ ദൈവത്തെ അനുഭവിക്കാൻ നമ്മെ സഹായിക്കുന്ന ദൃശ്യവും രക്ഷാകരവുമായ അടയാളങ്ങളാണ് കൂദാശകൾ. ജീവന്റെ ഉറവിടമായ യേശുവിനോട് ഞങ്ങൾ ചേർന്നുനിൽക്കും.

### പഠനസഹായികൾ

വചനം - യോഹ. 15:5-6

മുറിച്ചുമാറ്റപ്പെട്ട മരത്തിന്റെ ശാഖ

### പാഠത്തിന്റെ ഉള്ളടക്കം

* തായ്ത്തടിയിൽ നിന്ന് വേർപെട്ടുനിൽക്കുന്ന ശാഖ
* മുന്തിരിച്ചെടിയുടെ ഉപമ
* യോഹ. 15:5-6
* കൂദാശകൾ എന്തിന്?

### പ്രാർത്ഥന:

നിത്യജീവന്റെ ഉറവിടമായ യേശുവേ വെട്ടപ്പെട്ട മുന്തിരിശാഖപോലെ പുറത്തെറിയ പ്പെടുകയും ഉണങ്ങിപ്പോകുകയും ചെയ്യാതെ അങ്ങയോട് ചേർന്നുനിന്ന് നല്ല ഫലങ്ങൾ പുറപ്പെടുവിക്കാനുള്ള അനുഗ്രഹം ഞങ്ങൾക്ക് തന്നരുളണമേ.

### ചോദ്യങ്ങൾ

1. തായ്തടിയിൽ നിന്ന് വേർപെട്ടുനിൽക്കുന്ന ശാഖയ്ക്ക് എന്തു സംഭവിക്കും?
2. യേശുവിനോട് ചേർന്നു നിന്നില്ലെങ്കിൽ നമുക്ക് എന്തു സംഭവക്കും?
3. കൂദാശ എന്ന വാക്കിന്റെ അർത്ഥമെന്ത്?
4. തായ്തടിയിൽനിന്ന് മുറിച്ചുമാറ്റപ്പെട്ട ശാഖയ്ക്ക് എന്തു സംഭവിക്കുന്നു എന്ന് നിരീ ക്ഷിക്കുക. നിരീക്ഷണങ്ങൾ എഴുതി കൊണ്ടുവരിക.
5. യോഗ. 15: 5-6 വരെയുള്ള വാക്യങ്ങൾ മനഃപാഠമാക്കുകയും നോട്ടുബുക്കിൽ എഴു തുകയും ചെയ്യുക.

# STD - IV

## അദ്ധ്യാപക സഹായി

## പാഠം – ഒന്ന്          കൂദാശകൾ          ഭാഗം – രണ്ട്

### ലക്ഷ്യം

അദൃശ്യനായ ദൈവത്തെ അനുഭവിക്കാൻ നമ്മെ സഹായിക്കുന്ന ദൃശ്യവും രക്ഷാകര വുമായ അടയാളങ്ങളാണ് കൂദാശകൾ. കൂദാശകൾ സ്വീകരിച്ച് പുണ്യപ്രവൃത്തികൾ വഴി ഞങ്ങൾ സത്ഫലങ്ങൾ പുറപ്പെടുവിക്കും.

### പഠനസഹായികൾ

കൂദാശകളുടെ പേരുകൾ എഴുതിയ ചാർട്ട്.

കൂദാശകളുടെ ഫോട്ടോ–യൂട്യൂബ്

### പാഠത്തിന്റെ ഉള്ളടക്കം

* കൂദാശകൾ എന്താണ്? ഏതെല്ലാം?
* കൂദാശയിലൂടെ നമുക്ക് ലഭിക്കുന്നത് എന്ത്?
* കൂദാശകളുടെ നിരന്തര സ്വീകരണം വഴി നമുക്ക് ലഭ്യമാകുന്നത്?
* കൂദാശകൾ സ്ഥാപിച്ചത് ഈശോ
* ഒരിക്കൽമാത്രവും ഒന്നിലധികം തവണയും സ്വീകരിക്കാവുന്ന കൂദാശകൾ

### പ്രാർത്ഥന:

നിത്യജീവന്റെ ഉറവിടമായ യേശുവേ ഞങ്ങൾ സ്വീകരിച്ച് കൂദാശകൾവഴി ദൈവത്തോട് ചേർന്നുനിൽക്കാനും ദൈവാനുഭവത്തിൽ വളരുവാനും വേണ്ടുന്ന അനുഗ്രഹം തന്ന രുളേണമേ.

### ചോദ്യങ്ങൾ

1. കൂദാശകൾ സ്ഥാപിച്ചത് ആര്?
2. ജ്ഞാനസ്നാനത്തിലൂടെ നമുക്ക് ലഭിക്കുന്നത് എന്ത്?
3. നമ്മൾ ക്രിസ്തുവിൽ ഒറ്റശരീരമായി തീർന്ന് നിത്യജീവനിൽ പങ്കുകാരാകുന്ന കൂദാശ ഏത്?